**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലേക്ക് മൂലധനനിക്ഷേപം ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ വ്യവസായം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗികസംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ നിക്ഷേപ പ്രൊജക്ടുകൾ പ്രവർത്തനം തുടങ്ങുന്നതിന്റ വിവിധ ഘട്ടങ്ങളിലാണ്. സന്ദർശനത്തെതുടർന്ന് ഉണ്ടായ വ്യവസായികനിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ<br><br>(1) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും<br><br>(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br><br>അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സന്ദർശനത്തിന്റെ ഭാഗമായി കേരളത്തിൽ | (ബി) | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ |

| | | | |
|---|---|---|---|
| | നീറ്റാ ജലാറ്റിൽ കമ്പനി ഇരുന്നൂറ് കോടി രൂപയുടെയും ടെറുമോ കോർപറേഷൻ നൂറ് കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗികസംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ നിക്ഷേപ പ്രൊജക്ടുകൾ പ്രവർത്തനം തുടങ്ങുന്നതിന്റ വിവിധ ഘട്ടങ്ങളിലാണ്. സന്ദർശനത്തെതുടർന്ന് ഉണ്ടായ വ്യവസായികനിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ<br><br>(1) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും<br><br>(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br><br>അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ